പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 947

09.08.2017 -ലെ മറുപടിയ്ക്ക്

## തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി നിയമഭേദഗതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ. കെ.ദാസൻ<br>ശ്രീ. ഡി.കെ.മുരളി<br>ശ്രീ. എം. നൗഷാദ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ അധികാരമേറ്റതിനുശേഷം നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തതു മൂലം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഹനിക്കപ്പെട്ടപ്പോൾ സംസ്ഥാനത്തെ തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സർക്കാർ നടപ്പാക്കിയ നിയമഭേദഗതികൾ എന്തെല്ലാമാണ്; അവ പ്രാബല്യത്തിലായോ; | (എ) സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിന് 1948-ലെ മിനിമം വേതന നിയമത്തിലും 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലും ഭേദഗതി വരുത്തിക്കൊണ്ടുള്ള ബിൽ നിയമസഭ അംഗീകരിച്ചിട്ടുണ്ട്. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, പെയ്മെന്റ് ഓഫ് വേജസ് നിയമം, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമം തുടങ്ങിയ നിയമങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) തൊഴിലാളികൾക്കായുള്ള വിവിധ സാമൂഹ്യ സുരക്ഷാ നിയമങ്ങൾ യുക്തിസഹമാക്കാനെന്ന പേരിൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി 2017 എന്ന ബിൽ പ്രതിലോമകരമാണെന്ന തൊഴിലാളി സംഘടനയുടെ ആശങ്കയുടെ അടിസ്ഥാനത്തിൽ കേന്ദ്ര നിർദ്ദേശത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ ; | (ബി) ഉണ്ട്. ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി & വെൽഫെയർ എന്ന നിയമ നിർദ്ദേശത്തിന്റെ കരട് രൂപം കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇ.പി.എഫ് നിയമം, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം, മറ്റേണിറ്റി ബെനഫിറ്റ് നിയമം, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം, എംപ്ലോയീസ് കോമ്പൻസേഷൻ നിയമം, അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം, വിവിധ ക്ഷേമ സെസ്/ ക്ഷേമനിധി നിയമങ്ങൾ എന്നിവയ്ക്ക് പകരമാണ് ഈ ഏകീകൃത നിയമം വിഭാവനം ചെയ്യുന്നത്. തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും നിശ്ചിത വിഹിതം ഈടാക്കി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന നിയമങ്ങളും തൊഴിലാളിയിൽ നിന്നും വിഹിതമൊന്നും ഈടാക്കാതെ തൊഴിലുടമ ആനുകൂല്യങ്ങൾ നിർബന്ധമായും നൽകാൻ വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളും ഒരു നിയമത്തിൻ കീഴിൽ |

കണ്ടുവരാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ തൊഴിലുടമ ഇ.പി.എഫ്/ ഇ.എസ്.ഐ വിഹിതമായി അടയ്ക്കുന്ന 18.11% വിഹിതം 17.5% ആയി കുറയും. ഇതിനു പുറമെ 2% ഗ്രാറ്റുവിറ്റി വിഹിതമായും അടയ്ക്കണം.തൊഴിലാളി വിഹിതമായി 12.5% അടയ്ക്കണം. ഈ ഫണ്ട് ഉപയോഗിച്ചുകൊണ്ടായിരിക്കും നിയമം നടപ്പിലാകുന്നതോടെ ഇ.എസ്.ഐ./ ഇപി.എഫ്/പ്രസവാനുകൂല്യം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നത്.

തൊഴിലാളി ക്ഷേമനിധി ബോർഡുകളും മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികളും വ്യാപകമായിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് പുതിയ നിയമം ഒട്ടേറെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ അപ്രസക്തമാകും. ക്ഷേമനിധി ബോർഡുകളിൽ നാമമാത്രമായ തുകമാത്രം അംശാദായമായി അടച്ചു വരുന്ന തൊഴിലാളികൾ 12.5% തുക അംശാദായമായി അടയ്ക്കേണ്ടി വരും. ഇഎസ്.ഐ/പി.എഫ് കവറേജിന് പുറത്തുള്ള അസംഘടിത മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഭാരിച്ച തുക തൊഴിലാളി വിഹിതമായി അടയ്ക്കാൻ കഴിയാതെ വന്നാൽ ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥ സംജാതമാകും.

ഫണ്ട് മാനേജ്മെന്റിലെ അതാര്യതയും തൊഴിലാളി താല്പര്യങ്ങൾക്ക് വിരുദ്ധമാവുമെന്നാണ് കരുതപ്പെടുന്നത്. ഈ വിഷയങ്ങളിലുള്ള ആശങ്ക ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിന് വിശദമായ കത്ത് അയച്ചിട്ടുണ്ട്.

സി) കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധ സാമ്പത്തിക നയങ്ങളുടെ കെടുതിയിൽ നിന്ന് സംസ്ഥാനത്തെ തൊഴിലാളികൾക്ക് പരിരക്ഷ നൽകുന്നതിനായി നടപ്പിലാക്കിയ വിവിധ ക്ഷേമ നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

(സി) നിലവിലുള്ള തൊഴിൽ നിയമങ്ങൾ കർശനമാക്കിയും ക്ഷേമപദ്ധതികൾ വ്യാപകമാക്കിയും കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ സാമ്പത്തിക നയങ്ങളുടെ കെടുതിയിൽ നിന്ന് തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയുമെന്നാണ് സംസ്ഥാന സർക്കാർ കരുതുന്നത്.

Sreedevi

സെക്ഷൻ ഓഫീസർ